# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് അലക് സാണ്ടർ തോമസ്
ബഹു. ചെയർപേഴ് സൺ

**എച്ച് ആർ എം പി നമ്പർ : 6851/11/12/2025/ റ്റി വി എം**

പരാതിക്കക്ഷി : സ്വമേധയാ രജിസ്റ്റർ ചെയ്ത കേസ്.

എതിർകക്ഷി :

**ഉത്തരവ് തീയതി : 11-09-2025.**

തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ജല ദൗർലഭ്യം സംബന്ധിച്ച് വന്ന മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് ഈ കേസ്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറോടും സൂപ്രണ്ടിനോടും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു.

2. കേസ് പരിഗണനയ്ക്കെടുത്ത ഇന്ന് Kerala Water Authority North PH Division Executive Engineer നേരിട്ട് ഹാജരായി 11-9-2025 തീയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. Thycaud Women and Children Hospital Superintendent പ്രതിനിധീകരിച്ച് ലേ സെക്രട്ടറി ഹാജരായി Superintendent In charge ന്റെ 11..9..2025 തിയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. വെള്ളയമ്പലം ജംഗ്ഷനിൽ ഉള്ള ഒരു മെയിൻ പൈപ്പിൽ ലീക്ക് ഉണ്ടായിയെന്നും ആ മെയിൻ പൈപ്പ് നന്നാക്കുന്നതിന് വേണ്ടി പൈപ്പ് ലൈൻ അടയ്ക്കേണ്ടിവന്നുവെന്നും അതുകൊണ്ടാണ് ആ സമയത്ത് ആശുപത്രിയിലേക്കുള്ള വെള്ളം വിതരണത്തിന് തടസ്സം ഉണ്ടായതെന്നും ഇപ്പോൾ ടി പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികളെല്ലാം പൂർത്തിയാക്കി ജലവിതരണം സാധാരണഗതിയിൽ ആയിട്ടുണ്ടെന്നും ഇനിയും ഇത്തരം പ്രശ്നങ്ങൾ ഉണ്ടായാൽ തടസ്സമില്ലാതെ വെള്ളം ലഭിക്കുന്നതിന് സാധ്യമാകുന്ന രീതിയിൽ മറ്റൊരു ലൈനിൽ കൂടി ആശുപത്രിയുടെ വാട്ടർ ടാങ്കിലേക്ക് അഡീഷണൽ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അതിൻറെ route cutting മുതലായ പ്രവർത്തികളെല്ലാം ഒരു മാസത്തിനുള്ളിൽ പൂർത്തീകരിച്ച് നിലവിലുള്ള കണക്ഷൻ കൂടാതെ അഡീഷണൽ കണക്ഷനും കൊടുത്ത് എല്ലാ സമയത്തും വെള്ളത്തിൻറെ ലഭ്യത സാധ്യമാക്കുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ബോധിപ്പിച്ചു. അഡീഷണൽ കണക്ഷൻ ഫിറ്റ് ചെയ്തു കഴിഞ്ഞാൽ ഒരു ലൈനിൽ കൂടിയുള്ള ജലവിതരണത്തിന് തടസ്സം നേരിട്ടാൽ മറ്റ് ലൈനിൽ കൂടി ജലം വിതരണം ചെയ്യാൻ സാധിക്കുമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. നിലവിലെ ജല ദൗർലഭ്യം പരിഹരിച്ചതായും additional water connection സ്ഥാപിച്ചാൽ വെള്ളം ശേഖരിക്കാൻ മതിയായ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് ഉണ്ടെന്നും അപ്രകാരം വെള്ളം ശേഖരിക്കുന്നതിന് ഒരു additional connection കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നതായി അറിയാൻ കഴിഞ്ഞുവെന്നും ആശുപത്രി സൂപ്രണ്ടിന് വേണ്ടി ഹാജരായ ലേ സെക്രട്ടറിയും ബോധിപ്പിച്ചു.

3. ആശുപത്രിയിൽ എപ്പോഴും മതിയായ ജല ലഭ്യത അനിവാര്യമായതിനാൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ യാതൊരു തടസ്സവും ഇല്ലാതെ എല്ലാ സമയത്തും വെള്ളം ലഭിക്കുന്നുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ നിർദേശത്തോടെ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. Kerala Water Authority North PH Division Executive Engineer ക്കും Thiruvananthapuram Thycaud Women and Children Hospital Superintendent നും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.